ദേശാഭിമാനി

2023 മെയ് 17 ബുധൻ | 1198 ഇടവം 3 | 1444 ശവ്വാൽ 26

ഡയലോഗ്

രാജ്യത്തെ ജനങ്ങളാകെ നിരാശയിലാണ്. സമ്പദ്‌വ്യവസ്ഥ തകർന്നു. ജനാധിപത്യ അവകാശങ്ങൾ ചതച്ചരയ്ക്കപ്പെട്ടു. ഗുസ്തിക്കാർക്കുപോലും രക്ഷയില്ല. ബിജെപിക്കെതിരെ പ്രാദേശിക കക്ഷികളെല്ലാം അതതിടത്ത് യോജിക്കണം

മമത ബാനർജി
ബംഗാൾ മുഖ്യമന്ത്രി

ചരിത്രത്തിൽ ഇന്ന്

17

1841	വില്യം ലോഗൻ ജനിച്ചു
1857	സ്വാതന്ത്ര്യസമര സേനാനികൾ ബഹദൂർ ഷാ രണ്ടാമനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു
1940	ജർമൻ സൈന്യം ബ്രസൽസിൽ പ്രവേശിച്ചു
1945	നോർവെ സ്വതന്ത്രമായി
1978	ഫിലിപ്സ് കമ്പനി സിഡി നിർമിച്ചു
2005	കുവൈത്തിൽ സ്ത്രീകൾക്ക് വോട്ടവകാശം

കേരളത്തിന്റെ മുഖശ്രീ

ദാരിദ്ര്യനിർമാർജനം ലക്ഷ്യമിട്ട് 1998 മെയ് 17ന് കേരളമണ്ണിൽ പിറന്നുവീണ കുടുംബശ്രീക്ക് ബുധനാഴ്ച 25 വയസ്സ് പൂർത്തീകരിക്കുകയാണ്. ലഘുസമ്പാദ്യ വായ്പാ സംഘങ്ങൾ എന്ന നിലയിൽ തുടങ്ങിയ സംഘടന ഇന്ന് പ്രാദേശിക സർക്കാരുകളുടെ വികസന പങ്കാളിയാണ്. സ്ത്രീകൾക്ക് അവരുടേതായ ഇടം കണ്ടെത്താനും പൊതുരംഗത്തേക്ക് നയിക്കാനും കഴിഞ്ഞ കുടുംബശ്രീ ഇന്ന് ലോകത്തിനുതന്നെ മാതൃകയായി മാറിക്കഴിഞ്ഞു.

ഒരുലക്ഷത്തിലേറെ അയൽക്കൂട്ടങ്ങൾ, 46,16,837 ലക്ഷം അംഗങ്ങൾ, 8029.47 കോടി രൂപയുടെ ലഘുസമ്പാദ്യം, വിവിധ പ്രവർത്തനങ്ങൾക്കായി ബാങ്കുകളിൽനിന്നുള്ള വായ്പ– 25,895 കോടി രൂപ, 27,274 വ്യക്തിഗത സംരംഭകർ, 13,316 കൂട്ടുസംരംഭകർ, 2,25,600 വനിതാ കർഷകരുൾപ്പെട്ട 46,444 സംഘകൃഷി ഗ്രൂപ്പ്, 54,000 ബാലസഭ, 74 ഐടി യൂണിറ്റ്, 21 ട്രെയിനിങ് ഗ്രൂപ്പ്... എന്നിങ്ങനെ സംഘടനാ തലത്തിൽ ഇന്ന് അതിവിപുലമാണ് അതിന്റെ വേരുകൾ.

കാർഷികമേഖല, ഭക്ഷ്യസുരക്ഷ, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ, സാമൂഹ്യനീതി, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മുഖ്യധാരാവൽക്കരണം തുടങ്ങി എല്ലാ സാമൂഹ്യ– വികസന മേഖലകളിലും പ്രധാന മാധ്യമമായും സ്രോതസ്സായും കുടുംബശ്രീ നിറഞ്ഞുനിൽക്കുന്നു. സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ മൂന്നിലൊന്നുപേരും കുടുംബശ്രീവഴിയാണ് പൊതുരംഗത്തെത്തിയതെന്നത് ഒന്നുമാത്രം മതി സംഘടന ചെലുത്തിയ വ്യാപ്തി തിരിച്ചറിയാൻ. കുടുംബശ്രീയെ വിട്ട് കേരളത്തെക്കുറിച്ച് ചിന്തിക്കാൻപോലുമാകാത്ത ജനകീയ പ്രസ്ഥാനമായി പടർന്നു പന്തലിച്ചു. ഇന്നത് കേരളത്തിന്റെ ബ്രാൻഡാണ്.

ശൂന്യതയിൽ നിന്നായിരുന്നില്ല കുടുംബശ്രീയുടെ പിറവി. ജനക്ഷേമം ലക്ഷ്യമാക്കിയ ഒരു സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയും അർപ്പണവും അതിനു പിന്നിലുണ്ട്. അധികാരം ജനങ്ങളിലേക്കെന്ന മുദ്രാവാക്യവുമായി എൽഡിഎഫ് സർക്കാർ നടപ്പാക്കിയ ജനകീയാസൂത്രണത്തിന്റെ പിന്നാലെയാണ് കുടുംബശ്രീയുടെയും ആവിർഭാവം

മുഖപ്രസംഗം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

അടുക്കളയിൽ ഒതുങ്ങിനിന്ന വീട്ടമ്മമാരെ വ്യവസായികളും വ്യാപാരികളും ഉൽപ്പാദകരും സേവനദാതാക്കളുമായി മാറ്റിയ നൂറുനൂറു വിജയകഥകൾ ഇന്ന് കുടുംബശ്രീക്കുണ്ട്. ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിലായി 1,08,182 സൂക്ഷ്മ സംരംഭത്തിലൂടെ 2.41 ലക്ഷം സംരംഭകരെയാണ് കുടുംബശ്രീയിലൂടെ വാർത്തെടുത്തത്. സ്വന്തമായി വരുമാനമുള്ള സ്ത്രീ, ബാങ്ക് അക്കൗണ്ടുള്ള സ്ത്രീ എന്നിവയുടെ എണ്ണത്തിലും വൻ വർധനയുണ്ടായി. കേരളത്തിലെ തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം 2001ലെ 15 ശതമാനത്തിൽനിന്ന് 2021ൽ 29 ശതമാനമായി ഉയർന്നു.

ശൂന്യതയിൽ നിന്നായിരുന്നില്ല കുടുംബശ്രീയുടെ പിറവി. ജനക്ഷേമം ലക്ഷ്യമാക്കിയ ഒരു സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയും അർപ്പണവും അതിനുപിന്നിലുണ്ട്. അധികാരം ജനങ്ങളിലേക്കെന്ന മുദ്രാവാക്യവുമായി എൽഡിഎഫ് സർക്കാർ നടപ്പാക്കിയ ജനകീയാസൂത്രണത്തിന്റെ പിന്നാലെയാണ് കുടുംബശ്രീയുടെയും ആവിർഭാവം. ദാരിദ്ര്യനിർമാർജനത്തിനായി ഒരു നൂതനമാർഗം ആരായുന്നതിനായി എസ് എം വിജയാനന്ദ്, ഡോ. ടി എം തോമസ് ഐസക്, ഡോ. പ്രകാശ് ബക്ഷി എന്നിവരടങ്ങിയ ഒരു കമ്മിറ്റിയെ ഇ കെ നായനാർ സർക്കാർ നിയോഗിച്ചു. പാലോളി മുഹമ്മദ് കുട്ടിയായിരുന്നു അന്ന് തദ്ദേശഭരണമന്ത്രി. ഈ കമ്മിറ്റിയുടെ ശുപാർശപ്രകാരം 1997– 98ലെ സംസ്ഥാന ബജറ്റിലാണ് സംസ്ഥാന ദാരിദ്ര്യനിർമാർജന മിഷൻ എന്ന നിലയ്ക്ക് കുടുംബശ്രീയെ പ്രഖ്യാപിച്ചത്. എന്നാൽ, സുഗമമായിരുന്നില്ല ആ പാത. 2001ൽ അധികാരത്തിൽ വന്ന യുഡിഎഫ് സർക്കാർ ഈ സംഘടനയെ ശൈശവത്തിൽത്തന്നെ ശ്വാസംമുട്ടിച്ച് കൊല്ലാനാണ് ശ്രമിച്ചത്. കുടുംബശ്രീക്ക് ബദലായി കോൺഗ്രസ് ജനശ്രീയെ അവതരിപ്പിച്ചു. ബജറ്റ് വിഹിതം വെട്ടിക്കുറച്ചു. ഇതിൽ സംസ്ഥാനത്ത് കനത്ത പ്രതിഷേധവും പ്രക്ഷോഭവുമാണ് ഉയർന്നത്. ഒടുവിൽ 2005ൽ കേവലം 50 കോടി വകയിരുത്താൻ നിർബന്ധിതമായി. തുടർന്നു വന്ന എൽഡിഎഫ് സർക്കാരാണ് കുടുംബശ്രീയെ പുനരുദ്ധരിച്ച് ഭാവനാസമ്പന്നമായ മാർഗങ്ങളിലേക്ക് നയിച്ചത്. അത് പിണറായി സർക്കാരിന്റെ ഏഴാം വർഷത്തിലെത്തിനിൽക്കുമ്പോൾ ബജറ്റ് വിഹിതം 260 കോടി രൂപയായി വളർന്നു. കൂടാതെ, ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് ഉപജീവനമാർഗം ഒരുക്കാനായി 500 കോടിയുടെ വായ്പ ഉറപ്പുവരുത്തി അതിന്റെ പലിശയ്ക്കായി 18 കോടി രൂപയും വകയിരുത്തി. കുടുംബശ്രീയെ വീട്ടുമുറ്റത്തെ ബാങ്കെന്ന നിലയിൽനിന്ന് അംഗങ്ങളുടെയാകെ വരുമാനം ഉയർത്തി സാമ്പത്തിക സ്വാശ്രയത്വത്തിലേക്കുള്ള ഉപാധിയാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത്.

കേരളം ഇന്ന് സമ്പൂർണ ദാരിദ്ര്യമുക്ത സംസ്ഥാനമെന്ന സ്വപ്നം യാഥാർഥ്യമാക്കാനുള്ള ചുവടുകളിലാണ്. കേരളത്തിന്റെ ദാരിദ്ര്യലഘൂകരണത്തിനുള്ള സാമൂഹ്യമൂലധനമായ കുടുംബശ്രീ തന്നെയാണ് പ്രധാന ആയുധമാകുക.

പ്രതികരണം

editdbi@gmail.com

ആവർത്തിക്കുന്ന ബാങ്ക് തകർച്ചകൾ

അമേരിക്കയിൽ ബാങ്ക് തകർച്ചകൾ തുടരുകയാണ്. തെറ്റായ ധന നയങ്ങൾ തുടരുന്നതും അധികാരികളുടെ കെടുകാര്യസ്ഥതയും ഊഹക്കച്ചവടവും വൻകിട ബാങ്കുകളെപ്പോലും തകർത്തു തരിപ്പണമാക്കുന്നു. ബാങ്ക് തകരുമ്പോൾ നഷ്ടപ്പെടുന്നത് ജനങ്ങളുടെ പണമാണ്. സിലിക്കൺ വാലി ബാങ്കിൽ സ്വീഡൻ പെൻഷൻ ഫണ്ട് നിക്ഷേപം ഉണ്ടായിരുന്നു. ഇനി സ്വീഡനിലെ പെൻഷൻകാരുടെ ജീവിതം അസാധ്യമായിത്തീരും.

2007ൽ അമേരിക്കൻ ബാങ്കുകൾക്ക് വലിയ നഷ്ടം സംഭവിച്ചു. തുടർന്ന് 2008ൽ ആഗോള സാമ്പത്തികപ്രതിസന്ധി ഉടലെടുത്തു. നൂറ്റാണ്ടുകൾ പഴക്കമുള്ള വൻകിട ബാങ്കുകൾപോലും തകർന്നു. 2001നു ശേഷം അമേരിക്കയിൽ തകർന്നത് 563 ബാങ്കാണ്. നിക്ഷേപങ്ങൾക്ക് സംരക്ഷണം നൽകുമെന്ന് ഫെഡറൽ ഡെപ്പോസിറ്റ് ഇൻഷുറൻസ് കോർപറേഷൻ വ്യക്തമാക്കിയിട്ടുണ്ട്. തെറ്റായ ബാങ്കിങ് നയങ്ങൾ തിരുത്താൻ ഭരണാധികാരികൾ തയ്യാറാകണം.

ഇന്ത്യയിലും തുടരുന്നത് ജനവിരുദ്ധ ബാങ്കിങ് നയങ്ങൾ തന്നെയാണ്. പൊതുമേഖലാ ബാങ്കുകളെ ശക്തിപ്പെടുത്തി ജനജീവിതം മെച്ചപ്പെടുത്താൻ ബാങ്കുകളെ പ്രാപ്തമാക്കുന്നതിനുപകരം ബാങ്കുകൾ കോർപറേറ്റ് പാദങ്ങളിൽ സമർപ്പിക്കുകയാണ് ബിജെപി സർക്കാർ. എല്ലായിടത്തും സാധാരണക്കാരുടെ പണമാണ് നഷ്ടമാകുന്നത്. സമ്പദ്ഘടന സംരക്ഷിക്കാൻ ബാങ്കുകൾ പൊതു ഉടമയിൽത്തന്നെ ആയിരിക്കണം. ബാങ്കുകൾ തകരുമ്പോൾ സമ്പദ്ഘടനതന്നെയാണ് തകരുന്നത്.

സുധാകരൻ കെ ജി
കരിവെള്ളൂർ

സമഗ്ര ശാക്തീകരണത്തിന്റെ കാൽനൂറ്റാണ്ട്

എം ബി രാജേഷ്
തദ്ദേശഭരണമന്ത്രി

സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സാധാരണക്കാരായ സ്ത്രീകളുടെ ജീവിതത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച കുടുംബശ്രീ ബുധനാഴ്ച രജത ജൂബിലി ആഘോഷിക്കുകയാണ്. 2022 മെയ് 17ന് തുടക്കം കുറിച്ച ഒരു വർഷം നീണ്ടുനിന്ന രജത ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തി.

പെൺകരുത്തിൽ പടുത്തുയർത്തിയ സമാനതകളില്ലാത്ത വികസന ചരിത്രമാണ് കുടുംബശ്രീയുടേത്. കേരളത്തിന്റെ ഭൂമികയിലേക്ക് ഇത്രമേൽ ആഴത്തിൽ വേരോട്ടം സാധ്യമായ ഒരേയൊരു പ്രസ്ഥാനമാണ് ഈ സ്ത്രീക്കൂട്ടായ്മ. മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 46.16 ലക്ഷം വനിതകൾ അംഗങ്ങളായ ഈ ത്രിതല സംഘടനാ സംവിധാനം ഏഷ്യൻ ഭൂഖണ്ഡത്തിലെതന്നെ ഏറ്റവും വലിയ സ്ത്രീക്കൂട്ടായ്മയെന്ന ഖ്യാതിയും സ്വന്തമാക്കി.

ഏതൊരു രാജ്യത്തിന്റെയും വികസന സ്വപ്നങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന പ്രതിസന്ധികളിൽ ഏറ്റവും ദുർഘടമായത് ദാരിദ്ര്യമാണ്. ദാരിദ്ര്യം ഇല്ലായ്മ ചെയ്ത് സ്ത്രീശാക്തീകരണം സാധ്യമാക്കുകയെന്ന വലിയ ലക്ഷ്യം മുൻനിർത്തിയാണ് 1998 മെയ് 17ന് കുടുംബശ്രീ രൂപീകൃതമായത്. കുടുംബശ്രീ എന്ന സ്ത്രീപക്ഷ പ്രസ്ഥാനത്തിന് കേരളത്തിൽ തുടക്കം കുറിക്കാൻ കഴിഞ്ഞത് അതിനനുയോജ്യമായ രാഷ്ട്രീയ, സാമൂഹ്യ അടിത്തറ നിലവിലുള്ളതുകൊണ്ടാണ്. 1957ലെ ഇ എം എസ് സർക്കാരിന്റെ വികസന നയങ്ങൾ അതിൽ നിർണായകമാണ്. കേരളത്തിന്റെ സാമൂഹ്യചരിത്രത്തെ മാറ്റിമറിച്ച പരിഷ്കാരങ്ങൾക്ക് രൂപംനൽകിയ ഇടതുപക്ഷം തന്നെയാണ് ജനകീയാസൂത്രണത്തിനു തുടർച്ചയായി കുടുംബശ്രീ പ്രസ്ഥാനത്തിനും നാന്ദി കുറിച്ചത്. അടുക്കളയുടെ നാലു ചുവരിനുള്ളിൽ കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് തൊഴിലും വരുമാനവും കണ്ടെത്താനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനും അവരെ പ്രാപ്തരാക്കുകയെന്ന ദൗത്യമാണ് കുടുംബശ്രീ ഏറ്റെടുത്തത്. അയൽക്കൂട്ടങ്ങളിൽ സൂക്ഷ്മസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയും അതിൽനിന്ന് തങ്ങളുടെ ആവശ്യങ്ങൾക്കായി വായ്പ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ വീട്ടുമുറ്റത്തെ ബാങ്കായി അയൽക്കൂട്ടങ്ങൾ മാറി. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന മൈക്രോ ഫിനാൻസ് പദ്ധതിയുടെ ഭാഗമായി നിലവിൽ 8029.47 കോടി രൂപയുടെ നിക്ഷേപമാണ് അയൽക്കൂട്ടങ്ങളുടേതായി സംസ്ഥാനത്തെ വിവിധ ബാങ്കുകളിലുള്ളത് എന്നറിയുമ്പോഴാണ് ഈ സംവിധാനത്തിന്റെ കരുത്ത് വ്യക്തമാകുന്നത്. 11.31 ലക്ഷം അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

നിലവിൽ കുടുംബശ്രീ മുഖേന നടത്തുന്ന വിവിധ പദ്ധതികളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ 1,08,464 സൂക്ഷ്മസംരംഭം പ്രവർത്തിക്കുന്നു. രണ്ടു ലക്ഷത്തോളം വനിതകൾ ഇതിൽ അംഗങ്ങളാണ്. ഉൽപ്പാദന സേവന മേഖലകളിൽ വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിലൂടെയും സുസ്ഥിര വരുമാന ലഭ്യത ഉറപ്പു വരുത്തുന്നതിനും പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിലും കുടുംബശ്രീ വലിയ പങ്കുവഹിക്കുന്നു. പ്രാദേശിക വിഭവശേഷിയും വനിതകളുടെ തൊഴിൽ വൈദഗ്ധ്യശേഷിയും പ്രയോജനപ്പെടുത്തി സ്വയംതൊഴിൽ വേതനാധിഷ്ഠിത തൊഴിലുകളിലേക്ക് അവരെ കൈപിടിച്ചു നടത്തുകയും വരുമാനലഭ്യത ഉറപ്പാക്കുന്നതിലും കുടുംബശ്രീ വിജയിച്ചിട്ടുണ്ട്.

ചുവട്
2023
കുടുംബശ്രീ
@25

കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണിയും സംരംഭകർക്ക് വരുമാന ലഭ്യതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഒഎൻഡിസി ഡിജിറ്റൽ പ്ലാറ്റ്ഫോം അടക്കമുള്ള ഓൺലൈൻ വ്യാപാര രംഗത്തേക്ക് കുടുംബശ്രീ കടന്നു കഴിഞ്ഞു. ഈ രംഗത്തെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണിത്. കുടുംബശ്രീ ബസാർഡോട്ട്കോം കൂടാതെ ആമസോൺ സഹേലി, ഫ്ളിപ്കാർട്ട് എന്നിവയിലൂടെയും ഉൽപ്പന്ന വിപണനം ഊർജിതപ്പെടുത്തുന്നു. ഇതോടൊപ്പം ദേശീയ സരസ് മേളകൾ, ഓണം, റംസാൻ, വിഷു, ക്രിസ്മസ് വിപണികളിലും വിറ്റഴിക്കുന്നു.

വിവിധ വകുപ്പുകളും ഏജൻസികളുമായുള്ള സംയോജനം വഴിയും നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇതിൽ ഏറ്റവും സ്വീകാര്യത നേടിയ പദ്ധതിയാണ് ജനകീയഹോട്ടൽ. ന്യൂട്രിമിക്സ്, ഹരിതകർമ സേന, വനിതാ കെട്ടിട നിർമാണ യൂണിറ്റുകൾ, എറൈസ് മൾട്ടി ടാസ്ക് ടീമുകൾ എന്നിവയും വിജയിപ്പിച്ച പദ്ധതികളാണ്.

കൊച്ചി റെയിൽ മെട്രോയുടെ 24 സ്റ്റേഷനിലും കൊച്ചി വാട്ടർ മെട്രോയിലും തിളങ്ങുന്നത് കുടുംബശ്രീ വനിതകളാണ്. കാർഷിക മൃഗസംരക്ഷണ മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലും വലിയ മുന്നേറ്റം കൈവരിക്കാനായിട്ടുണ്ട്. കാർഷിക മേഖലയിൽ നടപ്പാക്കുന്ന പ്രത്യേക ഉപജീവന പദ്ധതിയിൽ ഇന്ന് 73,168 കർഷക സംഘവും അതിൽ 3,31,207 വനിത അംഗങ്ങളുമുണ്ട്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ, അഗതികൾ, നിരാലംബർ, മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി കുടുംബശ്രീ മുഖേന സാമൂഹ്യസുരക്ഷാ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

പട്ടികവർഗ മേഖലയിലെ ഇടപെടലുകളും ഏറെ ശ്രദ്ധേയമാണ്. പത്തോളം പ്രത്യേക പദ്ധതികളാണ് ഈ മേഖലയിൽമാത്രം നടപ്പാക്കുന്നത്. പട്ടികവർഗ മേഖലയിലെ തനത് സംസ്കാരവും പൈതൃകവും നിലനിർത്തിക്കൊണ്ടുള്ള ഉപജീവന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. തീരദേശ മേഖലയിലെ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് കോസ്റ്റൽ വളന്റിയർമാർ മുഖേന അയൽക്കൂട്ട രൂപീകരണവും സംരംഭകത്വ രൂപീകരണവും നടന്നുവരുന്നു. കാസർകോട് കന്നട മേഖലയിലെ വനിതകളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് 'കന്നട സ്പെഷ്യൽ പ്രോജക്ട്' എന്ന പ്രത്യേക പദ്ധതിക്ക് തുടക്കമിട്ടു.

ശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ വ്യക്തിത്വ വികസനം ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികളും നടത്തുന്നുണ്ട്. സ്ത്രീ പദവി സ്വയംപഠന പ്രക്രിയ, അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി 14 ജില്ലയിലും അട്ടപ്പാടിയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, പ്രാദേശിക തലത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി 19,326 വിജിലന്റ് ഗ്രൂപ്പ്, 803 ജെൻഡർ റിസോഴ്സ് സെന്റർ, 140 മാതൃകാ ജെൻഡർ റിസോഴ്സ് സെന്റർ, 304 സ്കൂളിലും 70 കോളേജിലും ജെൻഡർ ക്ലബ്ബുകൾ, 360 കമ്യൂണിറ്റി കൗൺസലർമാർ എന്നിവ ഉൾപ്പെടെ വിപുലമായ സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ട്.

നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ മുഖേന 24 സംസ്ഥാനത്തും ഒരു കേന്ദ്രഭരണ പ്രദേശത്തും കുടുംബശ്രീ മാതൃക നടപ്പാക്കിക്കൊണ്ട് ദരിദ്ര വനിതകൾക്ക് അഭയകേന്ദ്രമാകുകയാണ് കുടുംബശ്രീ. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന, സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം, ദേശീയ നഗര ഉപജീവന ദൗത്യം, പ്രധാനമന്ത്രി ആവാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസിയും കുടുംബശ്രീയാണ്. എൻയുഎൽഎം പദ്ധതി നടത്തിപ്പിലെ മികവിന് ദേശീയ സ്പാർക്ക് റാങ്കിങ്ങിൽ തുടർച്ചയായി ആറാം തവണയും പുരസ്കാരം നേടാൻ കുടുംബശ്രീക്കായി.

കുടുംബശ്രീ ആരംഭിച്ച് 25 വർഷം പൂർത്തിയാകുമ്പോൾ അടുക്കളയുടെ നാല് ചുവരിനുള്ളിൽ നിന്ന് ഭരണരംഗത്തെ വിവിധ ഉയർന്ന സ്ഥാനങ്ങളിൽ എത്താൻ സ്ത്രീകൾക്ക് സാധിച്ചു. ത്രിതല പഞ്ചായത്തുകളിൽ ഇന്ന് അധികാര സ്ഥാനങ്ങളിലേക്ക് എത്തിയിട്ടുള്ള സ്ത്രീകളിലേറെയും കുടുംബശ്രീ വനിതകളാണ്. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ ലഭിച്ച അറിവും ആർജവത്വവും ആത്മവിശ്വാസവും അവരിൽ വ്യക്തമായ രാഷ്ട്രീയബോധവും ഇച്ഛാശക്തിയും വളർത്താൻ സഹായകമായതാണ് ഈ രാഷ്ട്രീയ സാമൂഹ്യ മുന്നേറ്റത്തിനു പിന്നിൽ. സ്വന്തം കുടുംബത്തിലും അധികാര കേന്ദ്രങ്ങളിലും തീരുമാനമെടുക്കാനും നടപ്പാക്കാനും കുടുംബശ്രീ പ്രവർത്തനങ്ങൾ സ്ത്രീകളെ പ്രാപ്തരാക്കിയെന്നതാണ് ഏറെ അഭിമാനകരമായ വസ്തുത.

ഇരുപത്തഞ്ച് വർഷം പൂർത്തിയാകുമ്പോൾ സാമ്പത്തികവും സാമൂഹ്യവുമായ ശാക്തീകരണത്തിലൂടെ, സ്ത്രീശാക്തീകരണം എന്ന മഹനീയ ലക്ഷ്യം കൈവരിക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. ഇന്നലെകളിലെ പ്രവർത്തന അനുഭവങ്ങളിൽനിന്ന് ഊർജം ഉൾക്കൊണ്ട് അടുത്ത അഞ്ചു വർഷത്തിൽ എങ്ങനെ മുന്നേറണം എന്നതിനെക്കുറിച്ചും വ്യക്തമായ ആസൂത്രണംചെയ്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 19,544 ഓക്സിലറി ഗ്രൂപ്പിന് രൂപം നൽകി. സംസ്ഥാനമൊട്ടാകെ സംരംഭ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനായി 'ഷീ സ്റ്റാർട്ട്സ്' പദ്ധതിക്ക് തുടക്കമിടുകയും ചെയ്തു. മാറുന്ന വിപണി സംസ്കാരത്തിനനുസൃതമായി വൈവിധ്യമാർന്ന സംരംഭങ്ങൾ തുടങ്ങാൻ പരിശീലന പരിപാടികൾക്കും തുടക്കമായി. വ്യാവസായികാടിസ്ഥാനത്തിലുള്ള വലിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി വരുമാന വർധനയ്ക്ക് ആക്കംകൂട്ടുകയാണ് ലക്ഷ്യം. സാമ്പത്തിക സ്വയംപര്യാപ്തതയിലേക്ക് ഓരോ വനിതയെയും അവരുടെ കുടുംബങ്ങളെയും നയിച്ച് പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയക്ക് കരുത്തേകാനും സമഗ്രമായ ജീവിതപുരോഗതി കൈവരിക്കാൻ സ്ത്രീസമൂഹത്തെ പ്രാപ്തരാക്കുകയുമാണ് കുടുംബശ്രീയുടെ ഇനിയുള്ള ലക്ഷ്യം.

സുശക്തം, സുസംഘടിതം



ഡോ. ജോ ജോസഫ്

പ്രാഥമികാരോഗ്യകേന്ദ്രം

മറ്റേത് സംസ്ഥാനത്തേക്കാളും മികച്ച മാനവ വിഭവ ശേഷിയും പശ്ചാത്തല സൗകര്യങ്ങളും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ നമ്മുടെ ആരോഗ്യമേഖലയെ സഹായിക്കും. കൂടുതൽ ഉയർന്ന നേട്ടങ്ങൾ ലക്ഷ്യംവയ്ക്കുകയും അതിനുവേണ്ടി കഠിനമായി പരിശ്രമിക്കുകയും വേണ്ടതുണ്ട്

അടുത്ത 25 വർഷത്തിനകം വികസിത രാജ്യങ്ങൾക്ക് സമാനമായ വളർച്ചാ സൂചികകൾ ഉള്ള നവകേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സർവതലസ്പർശിയായ വികസനങ്ങളുമായി രണ്ടാം പിണറായി വിജയൻ സർക്കാർ മൂന്നാം വർഷത്തിലേക്ക് കടക്കുകയാണ്. മറ്റു വകുപ്പുകളിൽനിന്നും വ്യത്യസ്തമായി വികസിത രാജ്യങ്ങളുടെ സൂചികകൾക്കൊപ്പം മികവാർന്ന സൂചികകൾ മുമ്പേതന്നെ കൈവരിച്ചിട്ടുള്ള മേഖലയാണ് ആരോഗ്യമേഖല. അതിനാൽ മറ്റു വകുപ്പുകളെ അപേക്ഷിച്ച് പ്രകടമായ മുന്നേറ്റത്തിനുള്ള സാധ്യതകൾ കുറവാണെന്ന് പൊതുവേ തോന്നുമെങ്കിലും ആ ധാരണ മാറ്റിയെഴുതി കൂടുതൽ മികവാർന്നതും ശാസ്ത്രീയവും എല്ലാ ജനവിഭാഗങ്ങളിലും എത്തുന്ന രീതിയിലുമുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ ആരോഗ്യവകുപ്പ് കഴിഞ്ഞ രണ്ടു വർഷവും നടത്തിയിരുന്നത്.

സർക്കാർ മേഖലയിലുള്ള ആരോഗ്യസംവിധാനങ്ങൾക്ക് വെല്ലുവിളിയാണ് സ്വകാര്യമേഖലയിലെ ആരോഗ്യ സംവിധാനങ്ങൾ എന്നാണ് പൊതുവേ വിലയിരുത്താറുള്ളത്. എന്നാൽ, ഈ വെല്ലുവിളിയും അവസരമാക്കി മാറ്റുകയാണ് കേരളത്തിലെ സർക്കാർ ആരോഗ്യമേഖല. ഇതിന്റെ ഏറ്റവും പ്രകടമായ തെളിവാണ് ക്രമാനുഗതമായി കൂടിക്കൊണ്ടിരിക്കുന്ന സർക്കാർ മേഖലയിലെ രോഗികളുടെ എണ്ണം.

സുശക്തവും സുസംഘടിതവുമായ ആരോഗ്യ സംവിധാനങ്ങൾ ഉള്ളതിനാലാണ് കോവിഡ് മഹാമാരി കാലത്ത് രോഗികൾ ഏറെയുണ്ടായെങ്കിലും കേരളത്തിലെ ആരോഗ്യമേഖലയ്ക്ക് ഒരു കുലക്കവും തട്ടാതിരുന്നത്. ഒളിഞ്ഞും തെളിഞ്ഞും കോവിഡിന്റെ പല വകഭേദങ്ങൾ ഇന്നും പിടിമുറുക്കുന്നുണ്ടെങ്കിലും കഴിഞ്ഞ രണ്ടു വർഷത്തിനിടെ കേരളത്തിലെ ആരോഗ്യമേഖല ഇക്കാര്യത്തിൽ പരീക്ഷിക്കപ്പെട്ടുപോലുമില്ല.

കേരളത്തിലെ സർക്കാർ ആരോഗ്യമേഖലയിൽ പശ്ചാത്തല വികസനം മാത്രമല്ല, രോഗി ചികിത്സ/ രോഗനിർണയ/പൊതുജനാരോഗ്യ/ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് എണ്ണമറ്റ വികസനപ്രവർത്തനങ്ങളാണ് ആർദ്രം മിഷൻ വഴി നടക്കുന്നത്. ആശുപത്രികളിൽ പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തോടൊപ്പം ചികിത്സാനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 'ലക്ഷ്യ' കർമപദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 148 ആശുപത്രിക്ക് എൻക്യുഎഎസ് സർട്ടിഫിക്കേഷൻ ലഭിച്ചു. ഇതിൽ അഞ്ച് ജില്ലാ ആശുപത്രി, നാല് താലൂക്ക് ആശുപത്രി, എട്ട് സാമൂഹ്യ ആരോഗ്യകേന്ദ്രം, 38 അർബൻ പിഎച്ച്സി, 93 കുടുംബാരോഗ്യകേന്ദ്രം എന്നിവ ഉൾപ്പെടുന്നു. എട്ടു വിഭാഗത്തിലായി ഏകദേശം 6500 ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഇവയെ തെരഞ്ഞെടുക്കുന്നത്. ഗുണനിലവാരത്തിൽ ഇത്രമേൽ മികവു പുലർത്തുന്ന വിപുലമായ പൊതുജനാരോഗ്യ സംവിധാനം കേരളത്തിൽ മാത്രമാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. എൻക്യുഎഎസ് സർട്ടിഫിക്കേഷൻ ഏറ്റവുമധികം കരസ്ഥമാക്കിയ സംസ്ഥാനത്തിനുള്ള പുരസ്കാരവും ലഭിച്ചത് നമ്മുടെ കൊച്ചു സംസ്ഥാനത്തിനാണ്.

ഇക്കാലയളവിൽ 4261 സബ് സെന്ററുകളാണ് ഹെൽത്ത് ആൻഡ് വെൽനസ് കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടത്. ചികിത്സാ നിലവാരത്തിലുള്ള മികവ് ത്രിതലത്തിലുള്ള ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ നമുക്ക് സാധിച്ചു. നമ്മുടെ മിക്ക മെഡിക്കൽ കോളേജുകളും ദേശീയ ശരാശരിയേക്കാൾ മികവ് പുലർത്തുന്നവയാണ്. കുട്ടികളുടെ ചികിത്സാകേന്ദ്രമായ എസ്എടി ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസായി യൂണിയൻ സർക്കാർ തെരഞ്ഞെടുത്തതും പ്രസ്താവ്യമായ മറ്റൊരു നേട്ടമാണ്.

ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിൽ മാത്രമല്ല, രോഗചികിത്സാ സംവിധാനങ്ങളിലും നാം മുന്നേറുകയാണ്. ഹൃദ്രോഗ ചികിത്സയ്ക്ക് അത്യന്തം ആവശ്യമായ കാത്ത് ലാബ് സൗകര്യങ്ങൾ മെഡിക്കൽ കോളേജ് തലത്തിൽനിന്നും ജില്ലാ ആശുപത്രികളിലേക്കും ജനറൽ ആശുപത്രികളിലേക്കും എന്തിനധികം താലൂക്ക് ആശുപത്രികളിൽവരെ ലഭ്യമായിരിക്കുന്നുവെന്നത് മറ്റൊരു സംസ്ഥാനത്തും സാധ്യമാകാത്ത നേട്ടമാണ്. ഒരുകാലത്ത് സർക്കാർ ആരോഗ്യ സംവിധാനങ്ങൾ കുറവായിരുന്ന കാസർകോട് ജില്ലയിലും ഇത്തരം സംവിധാനങ്ങൾ എത്തിക്കാൻ സർക്കാരിനു സാധിച്ചു. 10 ജില്ലയിൽ പക്ഷാഘാതത്തിന്റെ ആധുനിക ചികിത്സയായ ത്രോമ്പോലൈസിസ് ചികിത്സ സൗജന്യമായി ലഭിക്കുന്ന സ്ട്രോക്ക് യൂണിറ്റുകൾ പ്രവർത്തനസജ്ജമായി. പക്ഷാഘാതം ബാധിച്ചു പിന്നീടുള്ള കാലം ശയ്യാവലംബിയായി കഴിച്ചുകൂട്ടുകയെന്ന ദുർഗതിയിൽനിന്നും ആയിരങ്ങൾക്ക് രക്ഷ നൽകുന്നതാണ് ഈ സംവിധാനമെന്ന് അറിയുമ്പോഴാണ് എത്രമേൽ മനുഷ്യമുഖമുള്ള വികസനമാണ് ഈ സർക്കാർ നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാകുന്നത്.

ഒരുകാലത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ കേരളത്തിലെ സ്വകാര്യ ആശുപത്രികളുടെ കുത്തകയായിരുന്നു. എന്നാൽ, ഇന്ന് കേരളത്തിലെ സർക്കാർ ആരോഗ്യ സംവിധാനങ്ങളിൽ കിഡ്നി, ഹൃദയം, കരൾമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കുന്നു. ഇന്ത്യയിൽ ആദ്യമായി ഒരു ജനറൽ ആശുപത്രിയിൽ ബൈപാസ് ഓപ്പറേഷനും ഓപ്പറേഷൻ കൂടാതെയുള്ള വാൽവ് മാറ്റ പ്രക്രിയയായ ടാവി (TAVI) നടന്നത് എറണാകുളം ജനറൽ ആശുപത്രിയിലാണ്.

അവയവദാനം പ്രോത്സാഹിപ്പിക്കാനായി K SOTTO (കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റേഷൻ ഓർഗനൈസേഷൻ) പുനഃസംഘടിപ്പിക്കുകയുണ്ടായി. ഈ സംവിധാനം കേരളത്തിലെ അവയവദാനത്തെ കൂടുതൽ കുറ്റമറ്റതാക്കിമാറ്റും. അതുപോലെതന്നെ കോഴിക്കോട്ട് സ്ഥാപിക്കാൻ പോകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ കേരളത്തിലെ അവയവമാറ്റ ക്രിയകളെ ആഗോളതലത്തിലേക്ക് എത്തിക്കുന്നതിനൊപ്പംതന്നെ സാധാരണക്കാർക്ക് കൂടുതൽ പ്രാപ്യമാക്കിമാറ്റും.

അംഗീകാരങ്ങളുടെ
നിറവിൽ
2
എൽഡിഎഫ് സർക്കാരിന്റെ
രണ്ടാം വാർഷികാഘോഷം
ഏപ്രിൽ – മെയ്

കേരളത്തെ രോഗാതുരമാക്കി മാറ്റുന്നതിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നത് ജീവിതശൈലി രോഗങ്ങളാണ്. ഈ രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് 'അൽപ്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്'. 30 വയസ്സിനു മുകളിലുള്ള 57 ലക്ഷം ആളുകളെയാണ് ജീവിതശൈലി രോഗങ്ങൾക്കായി ശൈലി ആപ് വഴി സ്ക്രീനിങ് നടത്തിയത്. കേരളത്തിലെ 19 ശതമാനം ആളുകൾക്കും എന്തെങ്കിലുമൊരു റിസ്ക് ഫാക്ടർ ഉള്ളവരായി കണ്ടെത്തി. 11 ശതമാനം ആളുകൾക്ക് രക്താതിസമ്മർദവും ഒമ്പത് ശതമാനം ആളുകൾക്ക് പ്രമേഹവും നാല് ശതമാനം ആളുകൾക്ക് ഇവ രണ്ടും ഉള്ളതായി നിരീക്ഷിക്കുകയുണ്ടായി. കേരളത്തിന്റെ പൊതുജനാരോഗ്യസംരക്ഷണത്തിനും ജീവിതശൈലി രോഗനിയന്ത്രണത്തിനും ഈ വിവരങ്ങൾ വലിയ മുതൽക്കൂട്ടാകുമെന്നതിന് ഒരു സംശയവുമില്ല. രോഗപ്രതിരോധത്തിന് ഊന്നൽനൽകുന്ന ഇത്തരം പഠനങ്ങൾ ഇനിയും ഏറെ നടക്കേണ്ടതായിട്ടുണ്ട്.

നേരത്തേ പ്രഖ്യാപിച്ചിരുന്ന പല വൻകിട പദ്ധതികളും പൂർത്തിയാക്കുന്ന കാലഘട്ടംകൂടിയാണ് ഇത്.കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകൾ പൂർണതോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു. കളമശേരി മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് കൊച്ചി ക്യാൻസർ റിസർച്ച് സെന്റർ നിർമാണം അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു. മറ്റനേകം ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ അതിവേഗം മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു.

മെഡിക്കൽ കോഴ്സുകളിൽമാത്രം 1330 സീറ്റാണ് അധികമായി ഉണ്ടാകുന്നത്. 25 പുതിയ നേഴ്സിങ് കോളേജ് തുടങ്ങാൻ തീരുമാനമായി. നേഴ്സിങ് സീറ്റുകളിൽ 832 എണ്ണത്തിന്റെ വർധനയാണ് ഉണ്ടായിരിക്കുന്നത്. ഇങ്ങനെ ആരോഗ്യ വിദ്യാഭ്യാസ അവസരങ്ങളിലും അഭൂതപൂർവമായ മുന്നേറ്റമാണ് ഉണ്ടാകുന്നത്.

2022ൽ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയതിനുള്ള 'ആരോഗ്യ മന്ഥൻ' ദേശീയ പുരസ്കാരം ലഭിച്ചതും കേരളത്തിനാണ്. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി കാസ്പ് വഴിയായി മണിക്കൂറിൽ 180 രോഗികളെന്ന നിരക്കിലാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. 200 സർക്കാർ ആശുപത്രിയും 544 സ്വകാര്യ ആശുപത്രിയുംവഴി 1636 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് ഈ രണ്ടു വർഷത്തിനിടയിൽ നൽകിയത്. ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും നേതൃത്വം നൽകാനുമായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകരിക്കപ്പെട്ടിട്ടുമുണ്ട്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി ജനസമൂഹത്തിന് പ്രയോജനകരമാകുന്ന രീതിയിൽ കേരളത്തിൽ ഉടനീളം ട്രൈബൽ ആശുപത്രികളുടെ ശാക്തീകരണവും ഈ കാലഘട്ടത്തിൽ നടന്നു.

ശിശുമരണനിരക്ക് കുറയ്ക്കാനുള്ള 'ഹൃദ്യം' പദ്ധതി വഴിയായി അയ്യായിരത്തോളം കുട്ടികൾക്കാണ് സൗജന്യ ഹൃദയശസ്ത്രക്രിയ നടത്തിയത്. തിമിരമുക്ത കേരളം, ക്ഷയരോഗ നിർമാർജനത്തിനുള്ള പദ്ധതികൾ, 18 വയസ്സിൽ താഴെയുള്ള പ്രമേഹരോഗികൾക്ക് വേണ്ടിയുള്ള 'മിഠായി' പദ്ധതി, എച്ച്ഐവി രോഗബാധിതരില്ലാത്ത കേരളം, വിളർച്ച വിമുക്ത കേരളത്തിനുള്ള 'വിവ' പദ്ധതി എന്നിങ്ങനെ മറ്റനേകം പദ്ധതികളും ആരോഗ്യ കേരളത്തിന്റെ മാറ്റുകൂട്ടുന്നു.

വർധിച്ചുവരുന്ന ആന്റിബയോട്ടിക് റെസിസ്റ്റൻസ് തടയുന്നതിനായി 'ആന്റിബയോഗ്രം' നടപ്പാക്കിയ ഏക സംസ്ഥാനവും കേരളമാണ്. ഇത് നിരീക്ഷിക്കാൻ താഴെത്തട്ടിൽവരെയുള്ള സമിതികളും സ്ഥാപിക്കപ്പെട്ടു. ആരോഗ്യമേഖലയെ പൂർണമായി ഡിജിറ്റലൈസ് ചെയ്യാനുള്ള കർമപദ്ധതികളും മുന്നോട്ടുപോകുകയാണ്. ഓൺലൈൻ ഒപി ടിക്കറ്റുകൾ, 482 ആരോഗ്യകേന്ദ്രത്തിൽ ഈ ഹെൽത്ത് സംവിധാനങ്ങൾ, ഇ സഞ്ജീവനി പ്രവർത്തനങ്ങൾ എന്നിവയെല്ലാം മുൻനിർത്തി ഗവേർണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ് ലഭിച്ചതും കഴിഞ്ഞവർഷമാണ്.

ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തേക്കാളും മികച്ച മാനവവിഭവ ശേഷിയും പശ്ചാത്തല സൗകര്യങ്ങളും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ നമ്മുടെ ആരോഗ്യമേഖലയെ സഹായിക്കും. അതുകൊണ്ട് കൂടുതൽ ഉയർന്ന നേട്ടങ്ങൾ ലക്ഷ്യംവയ്ക്കുകയും അതിനുവേണ്ടി കഠിനമായി പരിശ്രമിക്കുകയും വേണ്ടതുണ്ട്. ആരോഗ്യരംഗത്ത് നമ്മുടെ സ്വപ്നങ്ങൾക്ക് അതിരുകൾ വേണ്ടതില്ല.